പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1630**

**31.01.2018 - ൽ**
**മറുപടിയ്ക്ക്**

**മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സമഗ്ര വികസനം**

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള കാർഷിക സർവ്വകലാശാലയുടെ മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രം ബഹു. കൃഷിവകുപ്പ് മന്ത്രി സന്ദർശിച്ചപ്പോൾ പ്രസ്തുത സ്ഥാപനത്തിന്റെ സമഗ്രവികസനത്തിനുള്ള വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടുമെന്ന് പ്രഖ്യാപിച്ചത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br><br>ബി) ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥിരമായി കാർഷിക സർവ്വകലാശാലക്ക് കൈമാറുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) കേരള കാർഷിക സർവ്വകലാശാലയുടെ മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സമഗ്രവികസനത്തിനും മഞ്ചേശ്വരം സബ് സെന്ററിന് 25 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ 13/08/1996-ലെ ജി.ഒ.(എം.എസ്) നം.472/96/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൈമാറിയ മഞ്ചേശ്വരം താലൂക്കിലെ റവന്യൂ വകുപ്പിന് കീഴിലുള്ള വോർക്കാടി, കൊല്ലിയൂർ എന്നീ വില്ലേജുകളിൽപ്പെടുന്ന 62.33 ഏക്കർ ഭൂമിയുടെ നിലവിലെ പാട്ട വ്യവസ്ഥ റദ്ദ് ചെയ്ത് ഭൂമിയുടെ ഉടമസ്ഥാവകാശം കാർഷിക സർവ്വകലാശാലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കാർഷിക സർവ്വകലാശാല സമർപ്പിച്ച പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) വർഷങ്ങളായി നിർമ്മാണം നിലച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഉടനെ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ? | സി) 2017-18 സാമ്പത്തിക വർഷം സർവ്വകലാശാലയുടെ മഞ്ചേശ്വരം ഹോസ്റ്റൽ കെട്ടിടത്തിന്റെ പുനരുദ്ധാരണ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**